# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "മില്ലത്തു ഇബ്റാഹീം(അ)"(16/9/16)

---

ثُمَّ أَوْحَيْنَا إِلَيْكَ أَنِ اتَّبِعْ مِلَّةَ إِبْرَاهِيمَ حَنِيفًا ۖ وَمَا كَانَ مِنَ الْمُشْرِكِينَ (النحل ١٢٣)

- ദുൽഹജ്ജിന്റെ പ്രത്യേക അമലുകൾ പര്യവസാനിച്ചു. പെരുന്നാൾ/ഉളഹിയ്യത്ത്/ഹജ്ജ് ഒക്കെ കഴിഞ്ഞു. ഇനി അടുത്ത വർഷമാണീ ചിന്തകൾ പൊതുവെ മടങ്ങി വരിക.
- എന്നാൽ ഇവ ഓരോന്നും നമ്മിൽ ഉണർത്തിയത്/ഉണർത്തേണ്ടത് ഖലീലുള്ളാഹി ഇബ്റാഹീം(അ)യുടെ ഓർമ്മകളാണ്. അനുബന്ധമായി ഇസ്മായീൽ(അ)/ഹാജർ(റ) തുടങ്ങിയവരുടെ ഓർമ്മകളും. അതും അത്യന്തികമായി ഖലീലിനെ ഉണർത്തുന്നവ തന്നെയാണ്.
- തിരുനബി(സ്വ) കഴിഞ്ഞാൽ അടുത്ത സ്ഥാനം പ്രവാചകൻ ഖലീലാണ്. നബി(സ്വ)യിൽ സ്വലാത്ത് സലാമുകൾ വർഷിക്കണമെ എന്ന് നാം ദുആ ചെയ്യുമ്പോൾ ചേർത്ത് പറയുന്നത് ആ മഹാനരെയാണ്.

اللَّهُمَّ صَلِّ عَلَى مُحَمَّدٍ، وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ.

- ഇങ്ങനെ മുസ്‌ലിംകൾ അഖിലവും ദൈനംദിനം അവരെ സ്മരിച്ചുകൊണ്ടിരിക്കുന്നു.
- മഖാമു ഇബ്റാഹീം ഖലീലുള്ളാഹിയുടെ നിത്യ സ്മാരകമാണ്. അവിടെ നിസ്കരിക്കാൻ നാം കൽപ്പിക്കപ്പെട്ടിരി ക്കുന്നു.

وَاتَّخِذُواْ مِن مَّقَامِ إِبْرَاهِيمَ مُصَلًّى(١٢٥/٢)

- അനുസ്മരണം മാത്രമല്ല അവരെ അനുധാവനം ചെയ്യാനും നമ്മോട് കൽപ്പിക്കട്ടിരിക്കുന്നു.

فَاتَّبِعُوا مِلَّةَ إِبْرَاهِيمَ حَنِيفًا وَمَا كَانَ مِنَ الْمُشْرِكِينَ (آل عمران ٩٥)

ഉദാ: ചേലാകർമ്മം, അത് ഇബ്റാഹീം നബി (അ)യിൽ നിന്ന് ആരംഭിക്കപ്പെട്ടതാണ്.

عنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ اخْتَتَنَ إِبْرَاهِيمُ عَلَيْهِ السَّلَام وَهُوَ ابْنُ ثَمَانِينَ سَنَةً بِالْقَدُّومِ (البخاري)

- ഇബ്റഹീം നബിയെ പിന്തുടരാൻ പറയുമ്പോൾ അവരുടെ പ്രധാന സ്വിഫത്തായി ഖുർആൻ എടുത്ത് പറഞ്ഞ ഒരു ഗുണമാണ് "ഹനീഫ്" എന്നത്. എന്താണ് ഈ ഹനീഫ് ?

الحنف: هُوَ مَيْل عنِ الضَّلالِ إلى الاسْتِقامةِ.(المفردات)

(=വഴികേട് ഉപേക്ഷിച്ച് ധർമ്മത്തിലേക്ക് നീങ്ങുക.)

حَنِيفاً : أي مائلاً عنِ الأَدْيَان كلِّها  إلى الدِّينِ القَيِّم (جلالين)

(=സർവ്വ മതങ്ങളുടെയും മതസംസ്കാരങ്ങളെ ഉപേക്ഷിച്ച് ദീനിന്റെ വഴി സമ്പൂർണ്ണമായി സ്വീകരിക്കുക.
ഖുർആൻ പറയുന്നു.

مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ حَنِيفًا مُسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ(آل عمران ٦٧)

- ➢ തിന്മക്കെതിരെ അദ്ദേഹത്തിന്റെ ധീരമായ പ്രഖ്യാപനം ഇപ്രകാരമായിരുന്നു.

إِنِّي وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالْأَرْضَ حَنِيفًا وَمَا أَنَا مِنَ الْمُشْرِكِينَ (أنعام ٧٩)

- ➢ ഇതേ വജ്ജഹ്തു നിസ്കാരത്തിൽ / ഖുർആനിൽ/ ഓതുന്നവരാണ് നാമും. (വജ്ജഹ്തു വിശദീകരിക്കുക.)

وَجَّهْتُ وَجْهِيَ أي ذاتي

حَنِيفاً : أي مائلاً عن كلِّ الأديان والطرائقِ إلى الدين الحق وطريقه (تحفة ٢/٣٠)

ഇവിടെ നിസ്കാരത്തിൽ കൈകെട്ടിനിന്ന് ചില പ്രതിജ്ഞകൾ നാം റബ്ബിനോട് പറയുകയാണ്.

1. ഞാൻ വെറും മുസ്‌ലിമല്ല. ഹനീഫൻ മുസ്‌ലിമാണ്. (അഥവാ ഇസ്‌ലാമിന് നിരക്കാത്ത മുഴുവൻ തിന്മ സംസ്കാരം/ ആചാരം/ ഇവയിൽ നിന്നെല്ലാം ഞാൻ ഒഴിവായിരിക്കുന്നു.)
2. എന്റെ ജീവിതം സമ്പൂർണ്ണമായും നിന്റെ തൃപ്തിക്കായി ഞാൻ സമർപ്പിക്കുന്നു,

- ➢ എന്നാൽ ഈ പ്രതിജ്ഞ എടുക്കുന്ന നമ്മുടെ ഇന്നത്തെ അവസ്ഥയോ? നമ്മുടെ സംസ്കാരം/ വേഷം/ ശൈലി/ ഭക്ഷണ മര്യാദ/ പലതും മറ്റുള്ളവരുടേതാണ്. അതിലെല്ലാം നാം തിരുനബി(സ്വ)യെ കൈവിട്ടവരായി.( ആവശ്യമായ ഉദാഹരണങ്ങൾ ചേർക്കുക)

അതുകൊണ്ട് ഇബ്റാഹീമീ സംസ്കാരത്തിലേക്ക് തിരികെ വരിക. ഹനീഫൻ മുസ്‌ലിമാകുക..

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)

തയ്യാറാക്കിയത്:
സി.എ. മൂസാ മൗലവി മുവാറ്റുപുഴ.
9447465648